"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം -ശ്രീ ചിത്തരേഷ് നടേശൻ, ശ്രീ ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ആംഡ് പോലീസ് ഇൻസ്‌പെക്ടർ തസ്തികയിൽ നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തരം (എ) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/HOME തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-
1. 16-02-2021 ലെ സ.ഉ (കൈ) നം. 2/2021/കാ.യു.വ ഉത്തരവ്.
2. സംസ്ഥാന പോലീസ് മേധാവിയുടെ 06.04.2024 ലെ L6-158684/2023/PHQ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019-ൽ ദക്ഷിണ കൊറിയയിൽ നടന്ന 11-ാമത് അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ ശ്രീ ചിത്തരേഷ് നടേശനും, ലോക പുരുഷ ശരീരസൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധീകരിച്ച മെൻസ് ഫിസിക്ക് വിഭാഗത്തിൽ ലോകചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യാക്കാരനും മലയാളിയുമായ ശ്രീ ഷിനു ചൊവ്വയ്ക്കും, ടിയാൻമാരുടെ അന്താരാഷ്ട്ര തലത്തിൽ കൈവരിച്ച മികച്ച നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത്, അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ ക്ലാസ്- 1 തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) ശ്രീ ചിത്തരേഷ് നടേശനും ശ്രീ ഷിനു ചൊവ്വയ്ക്കും അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ ക്ലാസ്-1 തസ്തികയിലോ ഒന്നാം ഗസറ്റഡ് തസ്തികമുതലുള്ള ഉയർന്ന തസ്തികയിലോ നിയമം നൽകുവാൻ കഴിയുമോ എന്ന് പരിശോധിക്കുകയുണ്ടായി. പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ആകെ 150 തസ്തികകൾ മാറ്റി വച്ചിട്ടുണ്ട്. ടി കായിക താരങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികയായ ഇൻസ്‌പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നതിനോ സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിനോ വ്യവസ്ഥയില്ല.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ ചിത്തരേഷ് നടേശൻ 2019 ൽ ദക്ഷിണ കൊറിയയിൽ നടന്ന പതിനൊന്നാമത് അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക്

സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മിസ്റ്റർ യൂണിവേഴ്സ് പട്ടം കരസ്ഥമാക്കിയ വ്യക്തിയും ശ്രീ ഷിനു ചൊവ്വ ലോക പുരുഷ ശരീര സൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധികരിച്ച ഏക മലയാളി താരവും മെൻസ് ഫിസിക് വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യാക്കാരനുമാണെന്ന നേട്ടങ്ങൾ പരിഗണിച്ചും, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി ആംഡ് പോലീസ് ബറ്റാലിയനിൽ ആംഡ് പോലീസ് ഇൻസ്പെക്ടറുടെ രണ്ട് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അതിൽ ശ്രീ ചിത്തരേഷ് നടേശനും, ശ്രീ ഷിനു ചൊവ്വക്കും നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ആംഡ് പോലീസ് ബറ്റാലിയനിൽ അടുത്ത് ഉണ്ടാകുന്ന ആംഡ് പോലീസ് ഇൻസ്പെക്ടറുടെ രണ്ട് റെഗുലർ ഒഴിവുകളിൽ ഇവരുടെ നിയമനം ക്രമീകരിക്കുന്നതാണ്.

4) ഈ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച അനന്തര നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ
ശ്രീ ചിത്തരേഷ് നടേശൻ, ശ്രീ ഷിനു ചൊവ്വ (സംസ്ഥാന പോലീസ് മേധാവി മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (A1/270/2023/Home)

ഉത്തരവിൻ പ്രകാരം

**Signed by Deepu B K**
**Date: 29-01-2025 22:22:57**

സെക്ഷൻ ഓഫീസർ

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2025

ഫയൽ നം. എ1/270/2023/ആഭ്യന്തരം. ഇനം നം: 2656

വിഷയം : ആഭ്യന്തര വകുപ്പ് - രണ്ട് കായികതാരങ്ങൾക്ക് ആംഡ് പോലീസ് ഇൻസ്പെക്ടറായി സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

DS(A)
Pl put up GO
29/1/25

2656

| കേരള സർക്കാർ<br>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1 | ഫയൽനമ്പർ | എ 1/270/2023/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (എ) വകുപ്പ് |
| 3 | വിഷയം | രണ്ട് കായികതാരങ്ങൾക്ക് ആംഡ് പോലീസ് ഇൻസ്പെക്ടറായി സർക്കാർ സർവീസിൽ നിയമനം നൽകുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31/08/2024 |
| 5 | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ആണ് |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. പ്രിയമോൾ.എം.പി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.12.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം കരസ്ഥമാക്കിയ ശ്രീ ചിത്തരേഷ് നടേശൻ, സൗത്ത് ഏഷ്യൻ പുരുഷ ശരീര സൗന്ദര്യ മത്സരത്തിലെ വെള്ളി മെഡൽ ജേതാവ് ശ്രീ ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 2019-ൽ ദക്ഷിണ കൊറിയയിൽ നടന്ന 11-ാമത് അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ ശ്രീ ചിത്തരേഷ് നടേശനും, ലോക പുരുഷ ശരീരസൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധീകരിച്ച മെൻസ് ഫിസിക്ക് വിഭാഗത്തിൽ ലോകചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യാക്കാരനും മലയാളിയുമായ ശ്രീ ഷിനു ചൊവ്വയ്ക്കും, ടിയാൻമാരുടെ അന്താരാഷ്ട്ര തലത്തിൽ കൈവരിച്ച മികച്ച നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത്, അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ ക്ലാസ്-1 തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകുന്നതായി 16-02-2021-ലെ സ.ഉ (കൈ) നം. 2/2021/കാ.യു.വ പ്രകാരം കായികയുവജനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഇവരെ പോലീസ് വകുപ്പിൽ ക്ലാസ്-1 തസ്തികയിൽ അല്ലെങ്കിൽ ഒന്നാം ഗസറ്റഡ് തസ്തികകളിൽ സൂപ്പർന്യൂമററി ആയി നിയമിക്കാനാകുമോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് പൊതു ഭരണ (സർവീസസ്-ഡി) വകുപ്പ് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

4) മേൽ വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം തേടിയപ്പോൾ കേരള പോലീസിൽ വിവിധ ടീമുകൾക്ക് സർക്കാർ അനുവദിക്കുന്ന 150 സ്പോർട്സ് ക്വാട്ട തസ്തികകളിൽ ശരീരസൗന്ദര്യ മത്സരങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്നും എന്നാൽ, ആൾ ഇന്ത്യ പോലീസിൽ ശരീരസൗന്ദര്യ മത്സരം ഒരു ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അയതിനാൽ, കേരള പോലീസിൽ ശരീരസൗന്ദര്യ മത്സരങ്ങൾക്കായി പുതിയ തസ്തികകൾ അനുവദിച്ചാൽ, പ്രത്യേക ടീം രൂപീകരിക്കാൻ സാധിക്കും എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. 18-11-2009-ലെ സ.ഉ (പി) 182/2009/ആഭ്യന്തര നമ്പർ ഉത്തരവ് പ്രകാരം ആംഡ് പോലീസ് ഇൻസ്പെക്ടർ

തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം നിർത്തലാക്കിയെങ്കിലും, 2016-ൽ നീന്തൽ താരം ശ്രീ സാജൻ പ്രകാശ്, ഷൂട്ടിംഗ് താരം എലിസബത്ത് സൂസൻ കോശി എന്നിവരെ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസിലേക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി ബോഡി ബിൽഡിംഗ് ഒരു കായിക ഇനമായി ഉൾപ്പെടുത്താമെന്നും അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിലും ലോക പുരുഷ ശരീരസൗന്ദര്യ മത്സരങ്ങളിലും മെഡൽ നേട്ടം കൈവരിച്ച ശ്രീ ചിത്തരേഷ് നടേശനെയും ശ്രീ ഷിനു ചൊവ്വയെയും ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമിക്കുന്നതിനായി മന്ത്രിസഭയുടെ അനുമതിയോടെ പരിഗണിക്കാമോ എന്നതിൽ അഭിപ്രായത്തിനായി പൊതു ഭരണ (സർവീസസ്-ഡി) വകുപ്പിന്റെ ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം തേടി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

5) ചട്ടപ്രകാരം കേരള പോലീസിൽ നിലവിലുള്ള സ്പോർട്സ് ക്വോട്ട നിയമനം ആംഡ് പോലീസ് ബറ്റാലിയനിലെ ഹവിൽദാർ, ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകളിലേക്കാണ് നടത്തുന്നത്. 18-11-2009-ലെ സ.ഉ (പി) 182/2009/ആഭ്യന്തരം ഉത്തരവ് പ്രകാരം ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം നിർത്തലാക്കിയതിനാൽ, ഗസറ്റഡ് തസ്തികയിലേക്ക് സ്പോർട്സ് ക്വോട്ടയിൽ നിയമനം നടത്താൻ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട് എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6) ശ്രീ ചിത്തരേഷ് നടേശനും, ശ്രീ ഷിനു ചൊവ്വക്കും നേരിട്ട് പോലീസ് അല്ലെങ്കിൽ മറ്റ് വകുപ്പുകളിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുഭരണ (സർവ്വീസസ് -ഡി) വകുപ്പിന്റെ ഫയലിൽ ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ 2 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി പൊതു ഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ നിന്ന് ഫയൽ വീണ്ടും ആഭ്യന്തര വകുപ്പിന് ലഭ്യമാക്കുകയുണ്ടായി. എന്നാൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയാലേ ഗസറ്റഡ് തസ്തികയിലേക്ക് കായികതാരങ്ങളെ നിയമിക്കാനാകൂ എന്നതിനാൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം

നടത്തുന്നതിന് ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ നിർവ്വാഹമില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിക്കുകയുണ്ടായി

7) ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യത്തിൽ മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് നിയമനം നൽകാൻ 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചതെന്നും മൂന്ന് വർഷമായിട്ടും നിയമനം നൽകാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ Armed Police Inspector തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള സാധ്യത ചീഫ് സെക്രട്ടറി പരിശോധിച്ച്, ഒരു മാസത്തിനകം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി. ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മേൽപ്പറഞ്ഞ രണ്ട് കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകുന്നതിലേക്കായി സായുധ ബറ്റാലിയനിൽ പോലീസ് ഇൻസ്പെക്ടറുടെ രണ്ട് തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നൽകി പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്ന കാര്യം ധനകാര്യ വകുപ്പിന്റെ അഭിപ്രായ സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവാൻ ബഹു ചീഫ് സെക്രട്ടറി ഉത്തരവിട്ടു.

8) തുടർന്ന് ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-

***''പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമത്തിനായി 150 തസ്തികകൾ മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ഇൻസ്പെക്ടർ തസ്തികയിൽ സ്പോർട്സ് ക്വാട്ട നിയമനം നടത്തുവാൻ വ്യവസ്ഥയില്ല. ശ്രീ ചിത്തരേഷ് നടേശൻ, ശ്രീ ഷിനു ചൊവ്വ എന്നിവരുടെ കായിക ഇനത്തിന് പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനം നൽകുവാൻ വ്യവസ്ഥയില്ല. ഭരണ വകുപ്പ് ശിപാർശ ചെയ്യുന്നത് പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചാൽ പ്രസ്തുത തസ്തികകൾ സ്പോർട്സ് ക്വാട്ട നിയമനത്തിന് ഉപരിയായി നിലനിൽക്കും. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കും. അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് വേണ്ടി പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് നീക്കി വച്ചിട്ടുള്ള 150 തസ്തികകളിൽ അടുത്ത വർഷത്തെ നിയമനത്തിനുള്ള തസ്തികകളിൽ നിന്ന് ഏതെങ്കിലും 2 തസ്തികകൾ ഇൻസെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് മാറ്റി വയ്ക്കാമെന്നും, ടി തസ്തിക ശ്രീ ചിത്തരേഷ് നടേശൻ, ശ്രീ ഷിനു ചൊവ്വ എന്നിവർക്ക് വേണ്ടി മാറ്റിവയ്ക്കാമെന്നും, അതുവരെ ശ്രീ ചിത്തരേഷ് നടേശൻ ശ്രീ ഷിനു ചൊവ്വ എന്നിവർക്ക് നിയമനം നൽകുന്നതിന് വേണ്ടി Armed Police***

*Inspector-റുടെ 2 തസ്തികകൾ സൂപ്പർന്യൂമററി ആയി സൃഷ്ടിക്കാമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ഈ തസ്തികകൾ ഒഴികെയുള്ള അടുത്ത വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനം 148-ൽ പരിമിതപ്പെടുത്തണമെന്നും, അടുത്ത വർഷത്തെ സ്പോർട്സ് ക്വാട്ട നിയമം നടത്തുമ്പോൾ ഇപ്പോൾ സൂപ്പർന്യൂമററി ആയി സൃഷ്ടിക്കുന്ന 2 ഇൻസ്പെക്ടർ തസ്തികകൾ റഗുലറൈസ് ചെയ്യാമെന്നും, ആയതിനായി അടുത്ത വർഷം സ്പോർട്സ് ക്വാട്ട നിയമനം നടത്തേണ്ടുന്ന ആകെ 150 തസ്തികകളിൽ 2 തസ്തികകൾ ടി വർഷത്തേയ്ക്ക് മാത്രമായി ഇൻസ്പെക്ടർ തസ്തികയാക്കി upgrade ചെയ്യാമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.''*

9) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം മേൽപരാമർശിച്ച കായികതാരങ്ങളെ സ്ഥിരമായി വകുപ്പിൽ ഉൾപ്പെടുത്താതെ ഒരു വർഷത്തേയ്ക്ക് മാത്രമായി ഇൻസ്പെക്ടർ തസ്തിക അപ്ഗ്രേഡ് ചെയ്താൽ അവർ കേഡറിൽ അധികമായി (excess) നിലനിൽക്കും. അതിനാൽ ഇൻസ്പെക്ടർ തസ്തിക ടി വർഷത്തേയ്ക്കുമാത്രമായി അപ്ഗ്രേഡ് ചെയ്യണോ അതോ സ്ഥിരമായി അപ്ഗ്രേഡ് ചെയ്യണോ എന്നതിൽ സ്പഷ്ടീകരണം നൽകുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-.

*" പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് ആകെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം 150 ആണ് എന്ന് ഭരണ വകുപ്പ് മുൻപ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നപ്പോൾ വ്യക്തമാക്കിയിരുന്നില്ല എന്നും ആയതിനാൽ പ്രതിവർഷം 150 പേരെ സ്പോർട്സ് ക്വാട്ട വഴി നിയമിക്കുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ധന വകുപ്പ് നൽകിയിരിക്കുന്ന മുൻ അഭിപ്രായം എന്നും അറിയിക്കുന്നു. പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് വേണ്ടി ആകെ 150 തസ്തികകൾ മാത്രമേ നിലവിലുള്ളൂ എന്നതിനാൽ ഇപ്പോൾ ഫയലിൽ പരാമർശിക്കുന്ന രണ്ടുപേർക്ക് വേണ്ടി ഇൻസ്പെക്ടർ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നടത്തുന്ന പക്ഷം ടി തസ്തികകൾ സ്ഥിരമായി HC തസ്തികയിൽ നിന്നും ഇൻസ്പെക്ടർ തസ്തികയിലേക്ക് upgrade ചെയ്യേണ്ടിവരും എന്നതിനാൽ അത്തരത്തിലുള്ള സ്ഥിരമായ upgradation അനുവദിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. എന്നാൽ ഇരുവർക്കും നിയമനം നൽകുന്നതിന് വേണ്ടി inspector ടെ രണ്ട് Supernumerary തസ്തികകൾ സൃഷ്ടിക്കാമെന്നും ഈ സൃഷ്ടിക്കുന്ന സൂപ്പർന്യൂമററി തസ്തികകൾ അടുത്ത് ഉണ്ടാകുന്ന ഇൻസ്പെക്ടർമാരുടെ രണ്ട് റെഗുലർ ഒഴിവുകളിൽ ക്രമീകരിക്കണമെന്ന വ്യവസ്ഥയിൽ മാത്രമേ Supernumerary തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാൻ കഴിയൂ എന്നും ഇക്കാര്യം ഭരണ*

***വകുപ്പ് ഉറപ്പാക്കുന്ന പക്ഷം Inspector ടെ രണ്ട് Supernumerary തസ്തികകൾ സൃഷ്ടിക്കാമെന്ന് അറിയിക്കുന്നു..***

***ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "***

10) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി ശ്രീ ചിത്തരേഷ് നടേശനും ശ്രീ ഷിനു ചൊവ്വക്കും സായുധ പോലീസ് ബറ്റാലിയനിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ (ഗസറ്റഡ് തസ്തിക) നിയമനം നൽകാവുന്നതാണെന്ന് കാണുന്നു.

11) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

**1.** ആംഡ് പോലീസ് ബറ്റാലിയനിൽ ആംഡ് പോലീസ് ഇൻസ്പെക്ടറുടെ രണ്ട് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ശ്രീ ചിത്തരേഷ് നടേശനും, ശ്രീ ഷിനു ചൊവ്വക്കും നിയമനം നൽകാമോ ?,

**2.** ബറ്റാലിയനിൽ അടുത്ത് ഉണ്ടാകുന്ന ആംഡ് പോലീസ് ഇൻസ്പെക്ടറുടെ രണ്ട് റെഗുലർ ഒഴിവുകളിൽ അവരുടെ നിയമനം ക്രമീകരിക്കാമോ ?